"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിലെ അക്കൗണ്ടന്റ്-കം-ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തിക അക്കൗണ്ടന്റ്-കം-ഐ.ടി.അസിസ്റ്റന്റ് എന്നും, ഗ്രാമപഞ്ചായത്തിലെ അക്രഡിറ്റേഡ് ഓവർസിയർ എന്ന തസ്തിക എം.ജി.എൻ.ആർ.ഇ.ജി.എസ്. ഓവർസിയർ ആയും പുനർ നാമകരണം ചെയ്തും പദ്ധതിയ്ക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതന നിരക്ക് പരിഷ്കരിച്ചും ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(കൈ) നം.32/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/02/2021

---

പരാമർശം:- 1 സ.ഉ.(കൈ)നം.167/09/ത.സ്വ.ഭ.വ തീയതി 26.08.2009

2 സ.ഉ.(പി)നം.81/2019/ധന തീയതി 09-07-2019

3 സ.ഉ.(സാധാ)നം.1552/2019/ ത.സ്വ.ഭ.വ 23-07-2019

4 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 29.01.2021-ലെ തീരുമാനം നം:4.1

5 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 04-02-2021 തീയതിയിലെ 53691/ഇ/20/എം.ജി.എൻ.ആർ.ഇ.ജി.എസ് നമ്പർ കത്ത്.

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെ കീഴിൽ സംസ്ഥാന-ജില്ലാ ഓഫീസുകളിലും ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് പരാമർശം (3) ഉത്തരവ് പ്രകാരമാണ്. ഭരണചെലവ്, പദ്ധതി ചെലവിന്റെ 5 ശതമാനത്തിൽ അധികരിക്കാതിരിക്കാൻ ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും ടി ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കീഴിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പരാമർശം (2) പ്രകാരം പുതുക്കി നൽകിയ വേതന നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ വേതന നിരക്കുകൾ വളരെ കുറവാണെന്നും ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ജീവനക്കാരുടെ സംഘടനകൾ വിവിധ തലങ്ങളിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. 06.01.2021-ൽ ചേർന്ന മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ ഇരുപത്തിയൊൻപതാമത് യോഗം ഇക്കാര്യം പരിഗണിക്കുകയും വിഷയം പരിശോധിക്കാൻ ഒരു സബ് കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. ടി സബ്

കമ്മിറ്റിയുടെ റിപ്പോർട്ട്, 29.01.2021-ൽ ചേർന്ന മുപ്പതാമത് കൗൺസിൽ യോഗം അവലോകനം ചെയ്തു. പ്രതികൂല സാഹചര്യങ്ങളിലും സംസ്ഥാനത്ത് ദേശീയ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നടപ്പാക്കിയതിൽ കരാർ ജീവനക്കാർക്ക് നിർണ്ണായക പങ്കുള്ള സാഹചര്യത്തിൽ അർഹമായ വേതന വർദ്ധന ഈ ജീവനക്കാർക്ക് അനുവദിക്കേണ്ടതാണെന്ന് കൗൺസിൽ ശിപാർശ ചെയ്യുകയുണ്ടായി ഒപ്പം അടിസ്ഥാന യോഗ്യത, ജോലിയുടെ സ്വഭാവം എന്നിവ പരിഗണിച്ച് ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിലെ അക്കൗണ്ടന്റ്-കം-ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയുടെ പേര് അക്കൗണ്ടന്റ്-കം-ഐ.ടി.അസിസ്റ്റന്റ് എന്നും, ഗ്രാമപഞ്ചായത്തിലെ അക്രഡിറ്റേഡ് ഓവർസിയർ തസ്തികയുടെ പേര് എം.ജി.എൻ.ആർ.ഇ.ജി.എസ്. ഓവർസിയർ എന്നും പുനർനാമകരണം ചെയ്യാനും കൗൺസിൽ യോഗം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ശിപാർശകൾ അംഗീകരിച്ച് തീരുമാനമായി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (5) പ്രകാരം മിഷൻ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽവിവരിച്ച സാഹചര്യത്തിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഗ്രാമ/ബ്ലോക്ക് /ജില്ലാ തലങ്ങളിൽ പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുള്ള അക്കൗണ്ടന്റ്-കം-ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയുടെ പേര് അക്കൗണ്ടന്റ്-കം-ഐ.ടി.അസിസ്റ്റന്റ് എന്നും ഗ്രാമപഞ്ചായത്തിലെ അക്രഡിറ്റേഡ് ഓവർസിയർ തസ്തികയുടെ പേര് എം.ജി.എൻ.ആർ.ഇ.ജി.എസ്. ഓവർസിയർ എന്നും പുനർ നാമകരണം ചെയ്ത് ഉത്തരവാകുന്നു.

4. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ സംസ്ഥാന/ജില്ലാ ഓഫീസുകളിലും ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ വേതനം **01.01.2021** മുതൽ പ്രാബല്യത്തോടെ ചുവടെ പറയുന്ന നിരക്കിൽ പരിഷ്കരിച്ചും ഉത്തരവാകുന്നു.

**(ശമ്പളം രൂപയിൽ)**

| ക്രമ നം. | തസ്തിക | നിലവിലുള്ള ശമ്പളം | പുതുക്കിയ ശമ്പളം |
|---|---|---|---|
| 1. | ഐ.റ്റി.പ്രൊഫഷണൽ (സംസ്ഥാനം) | 31,565/- | 35,300/- |
| 2. | ഐ.റ്റി.പ്രൊഫഷണൽ (ജില്ല) | 26,750/- | 31,460/- |
| 3. | അക്രഡിറ്റഡ് എൻജിനിയർ (അസിസ്റ്റന്റ് എഞ്ചിനീയർ) | 26,750/- | 31,460/- |
| 4. | എം.ജി.എൻ.ആർ.ഇ.ജി.എസ്. ഓവർസിയർ | 19,795/- + 1,500/- റ്റി.എ. | 24,040/- + 1,500/- റ്റി.എ. |
| 5. | കമ്പ്യൂട്ടർ ഓപ്പറേറ്റർ (ഇ.എഫ്.എം.എസ്) | 19,795/- | 24,040/- |
| 6. | അക്കൗണ്ടന്റ്-കം-ഐ.ടി.അസിസ്റ്റന്റ് | 19,795/- | 24,040/- |
| 7. | ഡാറ്റ എൻട്രി ഓപ്പറേറ്റർ (സംസ്ഥാനം) | 19,795/- | 24,040/- |

5. ഓരോ ഗ്രാമപഞ്ചായത്തും തങ്ങളുടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്കുള്ള ഭരണച്ചെലവ് പരാമർശം (3) പ്രകാരം അനുവദനീയമായിട്ടുള്ള എണ്ണം ജീവനക്കാർക്കായി നിജപ്പെടുത്തി തൻവർഷത്തെ തങ്ങളുടെ ആകെ തൊഴിലുറപ്പ് പദ്ധതി ചെലവിന്റെ 5

ശതമാനത്തിൽ അധികരിക്കാതെ നിലനിർത്തേണ്ടതും ആയത് 5 ശതമാനത്തിൽ അധികരിക്കുന്ന പക്ഷം പ്രസ്തുത ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2021.02.09 14:39:08 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.